I/455469/2023

"ഭരണഭാഷ- മാതൃഭാഷ"

16 AUG 2023

കേരള സർക്കാർ

നമ്പർ. എസ്.ഡി.2/223/2023-പൊ.ഭ.വ.

പൊതുഭരണ (സർവീസസ്-ഡി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 08-08-2023

**പരിപത്രം**

വിഷയം:- പൊ.ഭ.വ. - 2023 ആഗസ്റ്റ് 19 സദ്ഭാവനാദിനമായി ആചരിക്കുന്നത് - സംബന്ധിച്ച്.

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ ആഗസ്റ്റ് 20 സദ്ഭാവനാദിനമായി എല്ലാ വർഷവും ദേശവ്യാപകമായി ആചരിച്ചുവരുന്നു. അക്രമ മാർഗ്ഗങ്ങൾ വെടിഞ്ഞ് ദേശത്തിന്റെയും ഭാഷയുടെയും മതത്തിന്റെയും പേരിലുള്ള വ്യത്യാസങ്ങൾ മറന്ന് എല്ലാ വിഭാഗം ജനങ്ങളിലും ദേശീയ ഐക്യവും പരസ്പര സ്നേഹവും വളർത്തുന്നതിനുള്ള സന്ദേശം നല്കുന്നതിനാണ് വർഷംതോറും ഈ ദിനം ആചരിച്ചു പോരുന്നത്.

ഈ വർഷവും ആഗസ്റ്റ് 20 ന് സംസ്ഥാനവ്യാപകമായി സദ്ഭാവനാദിനം ആചരിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. 2023 ആഗസ്റ്റ് 20 ഞായറാഴ്ച ആയതിനാൽ, **ആഗസ്റ്റ് 19 (ശനി) രാവിലെ 11 മണിക്ക്** എല്ലാ ജില്ലാ കളക്ടർമാരും വകുപ്പ് മേധാവികളും സദ്ഭാവനാദിന പ്രതിജ്ഞാ ചടങ്ങ് നടത്തേണ്ടതാണ്. പ്രതിജ്ഞ ചുവടെ ചേർക്കുന്നു.

**പ്രതിജ്ഞ**

**"സമുദായം, മതം, പ്രദേശം, ഭാഷ തുടങ്ങിയ യാതൊരുവിധ പരിഗണനയും കൂടാതെ ഭാരതത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ഐക്യത്തിനും സൗഹാർദ്ദത്തിനും വേണ്ടി അർപ്പണ ബോധത്തോടെ പ്രവർത്തിക്കുമെന്ന് ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു.**

**ഒരിക്കലും അക്രമ മാർഗ്ഗം സ്വീകരിക്കില്ലെന്നും എല്ലാത്തരം ഭിന്നതകളും ചർച്ചകളിലൂടെയും ഭരണഘടനാപരമായ മറ്റ് മാർഗ്ഗങ്ങളിലൂടെയും പരിഹരിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു."**

സുധ .ബി

മേലെഴുത്ത് നമ്പർ DT/3955/2023-A5 തിയതി :18-08-2023

സർക്കാർ പരിപത്രം അറിവിലേക്കും തുടർനടപടികൾക്കുമായി നൽകുന്നു.

I/455469/2023

Dr. Veena N Madhavan IAS, DT DTTVPM, O/O DIRECTOR DTTVPM

സ്വീകർത്താവ്:- എല്ലാ സ്ഥാപന മേധാവികൾക്കും

എല്ലാ സെക്ഷന് സൂപ്രണ്ട് മാർക്കും (ട്രെയിനിംഗ് ഡയറക്ടറേറ്റ് )

പകർപ്പ്:- CA to DT/ADT/JDT

Signed by Sunil Kumar K V
Date: 18-08-2023 17:32:41
Reason: Approved

Signed by Sunil Kumar K V
Date: 18-08-2023 17:33:49
Reason: Approved